




# കേരള സംസ്ഥാനത്ത് ജനിതകമാറ്റം വരുത്തിയ വിളകൾ (ജി.എം) അനുവദിയ്ക്കരുത്

എസ്. ഉഷ

**അന്തകൻ വിത്തിന് കൃഷിയിടത്തിൽ പരീക്ഷിക്കാൻ കേന്ദ്ര സർക്കാർ അനുമതി കൊടുത്തു!**

**രാജ്യത്തെ മറ്റു പല സംസ്ഥാനങ്ങളെയും പോലെ കേരളവും കടുത്ത ഒരു കാർഷിക പ്രതിസന്ധിയിലൂടെ കടന്നു പോകുകയാണ്. ഇവിടെ കൃഷി ചെയ്യുന്ന മിക്കവാറും എല്ലാ വിളകളും സാമ്പത്തികമായി തകരുകയോ അതല്ലെങ്കിൽ പാരിസ്ഥിതിക ശോഷണം മൂലം ഉല്പാദനക്ഷമമല്ലാതാകുകയോ ചെയ്തു കൊണ്ടിരിക്കുന്നു.**

**ഈയൊരു സാഹചര്യത്തിൽ സാമ്പത്തികമായി നിലനിൽകുന്നതും പരിസ്ഥിതിക്ക് ദോഷകരമല്ലാത്തതുമായൊരു കാർഷിക നയം ആവശ്യമായി വന്നിരിക്കുകയാണ്. എന്നാൽ ഇത് നടപ്പിലാക്കാൻ പറ്റാത്ത രീതിയിലാണ് പ്രൈവറ്റ് കോർപ്പറേഷനുകൾ കൃഷിയുടെ നിയന്ത്രണം ഏറ്റെടുക്കാൻ ശ്രമിക്കുന്നത്. അതിനുള്ള ഒരു വഴിയാണ് ജനിതകമാറ്റം വരുത്തിയ വിളകളുടെ വ്യാപനം. ലോകത്തെല്ലായിടത്തും തന്നെ ഇത്തരം വിളകൾക്കെതിരെയുള്ള പ്രതിഷേധം ശക്തമാകുമ്പോൾ നമ്മുടെ കേന്ദ്ര സർക്കാർ ഈ അപകടം പിടിച്ച സാങ്കേതികവിദ്യക്ക് പച്ചക്കൊടി കാണിച്ചു കൊണ്ടിരിക്കുകയാണ്.**

## ഇന്ത്യയിലെ ജി.എം.വിളകളുടെ ക്രമീകരണം (Regulation)

പ്രധാനമായും രണ്ട് ഏജൻസികളാണ് ഇന്ത്യയിൽ ജി.എം.വിളകൾക്കുള്ള അനുമതി നിയന്ത്രിക്കുന്നത്. അവ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജനറ്റിക് എഞ്ചിനീയറിങ്ങ് അപ്രൂവൽ കമ്മിറ്റിയും (ജി.ഇ.എ.സി), ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജി (ഡി.ബി.ടി) യുമാണ്. ഇതിൽ ജി.എം വിളകളുടെ ഗവേഷണത്തെ നിയന്തിക്കുന്നത് ഡി.ബി.ടി യും തുറന്ന പാടത്തുള്ള പരീക്ഷണങ്ങൾ നിയന്തിക്കുന്നത് ജി.ഇ.എ.സി യുമാണ്. ഇക്കഴിഞ്ഞ അഞ്ചാറ് വർഷത്തിനുള്ളിൽ തന്നെ ജി.ഇ.എ.സി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ പരാജയപ്പെട്ടു എന്നതിന് നിരവധി തെളിവുകൾ പുറത്ത് വരികയുണ്ടായി. അതായത് തുറന്ന പാടത്ത് ജി.എം വിളകളുടെ പരീക്ഷണത്തിന് അനുമതി കൊടുത്തപ്പോൾ വിത്ത് കമ്പനികൾ പാലിക്കേണ്ട നടപടികളൊന്നും തന്നെ അവർ പാലിക്കുകയുണ്ടയില്ല. അത് കർശനമായി നടപ്പാക്കുന്നതിൽ ജി.ഇ.എ.സി പൂർണ്ണമായും പരാജയപ്പെട്ടതായി സുപ്രീംകോടതി വരെ അംഗീകരിക്കുകയും തുറന്ന പാടങ്ങളിലെ പരിക്ഷണങ്ങൾ നിർത്തിവയ്ക്കാൻ കോടതി ആവശ്യപ്പെടുകയും ചെയ്തു. കഴിഞ്ഞ സെപ്റ്റംബറിലാണ് സുപ്രീംകോടതി ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

കോടതിയുടെ ഈ സ്റ്റേ നിലനിൽക്കേതന്നെ പുതിയ ജി.എം വിളകളുടെ (ബി.ടി.നെല്ല്,ബി.ടി.വെണ്ടക്ക,ബി.ടി.വഴുതനങ്ങ,ജി.എം.കടുക് തുടങ്ങിയ) പരീക്ഷണത്തിന് അനുമതി തേടിക്കൊണ്ട് വിവിധ കമ്പനികൾ ജി.ഇ.എ.സി യെ സമീപിക്കുകയും ജി.ഇ.എ.സി കഴിഞ്ഞ ജൂൺ 22 ന് ഇത് പരിഗണനക്ക്എടുക്കുകയും ചെയ്തു. ഇത്തവണത്തെ ലിസ്റ്റിൽ കേരളത്തിലെ പാലക്കാട് ജില്ലയും ബി.ടി.നെല്ലിന്റെ പരീക്ഷണത്തിനായി പരിഗണിക്കുന്നുണ്ട്. ഇത് കോടതിയെ ധിക്കരിക്കുന്ന നടപടിമാത്രമല്ല, നമ്മുടെ ജൈവവൈവിധ്യത്തെയും ജനങ്ങളുടെ ആരോഗ്യത്തെയും കൃഷിയെയും അവർ കണക്കിലെടുക്കുന്നില്ല എന്നതിനൊരു തെളിവ് കൂടിയുമാണ്. ഇതിനെതിരെ വിവിധ കർഷക സംഘടനകളും വിദഗ്ദരും പഞ്ചായത്തുകളും സംസ്ഥാനസർക്കാരുകളും പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി.

*ജനിതകമാറ്റം വരുത്തിയ വിളകൾ അനുവദിച്ചാൽ കേരളത്തിനെന്തു സംഭവിക്കും.*

## പരിസ്ഥിതിയും ജൈവവൈവിധ്യവും

ജനിതകമാറ്റം വരുത്തിയ വിളകൾക്കും സാധാരണ വിളകൾക്കും ഒരുമിച്ച് നിലനിൽക്കാൻ കഴിയില്ലെന്ന് ശാസ്ത്രജ്ഞർ തന്നെ പറയുന്നകാര്യമാണ്. അതായത് ജനിതകമാറ്റം വരുത്തിയ വിളകളിൽ നിന്ന് ജീനുകൾ പുറത്ത് കടക്കാനും അടുത്ത ബന്ധു വിളകളിലേക്കും ബന്ധുക്കളായ വന്യസസ്യങ്ങളിലേക്കും ഇവ കടന്നു കയറാനും ഇടയുണ്ട്. സമീപകാലത്തായി ലോകഭക്ഷ്യ സംഘടന ഒരു റിപ്പോർട്ടിൽ പറയുന്നതനുസരിച്ച് ഇത്തരത്തിലുള്ള ജീനുകളുടെ കടന്നുകയറ്റത്താൽ വന്യസ

സ്യവർഗ്ഗങ്ങളുടെ എണ്ണം കുറയാനിടയുണ്ടെന്നാണ്. വന്യസസ്യങ്ങളിൽ ഇന്നുള്ള സ്വാഭാവിക ജീനുകളെ ജനിതകമാറ്റം വരുത്തിയ ജീനുകൾ മാറ്റിമറിക്കാനും സ്വാഭാവികസസ്യങ്ങളെ തന്നെ മാറ്റിമറിക്കാനും ഇടയുണ്ടെന്ന് ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ഇത് വന്യജനിതക കലവറയെ തകർക്കാനും സസ്യങ്ങളുടെയും ജന്തുക്കളുടെയും വൈവിധ്യത്തെ കുറയ്ക്കാനും ഇടയുണ്ട്.

ഇന്നുള്ള ജനിതകമാറ്റം വരുത്തിയ വിളകളിൽ പ്രധാനം കളനാശിനികളെ പ്രതിരോധിക്കാൻ കഴിവുള്ള വിളകളാണ്. സാധാരണ വിളകൾക്ക് ഇവയിൽ നിന്നും ജനിതക മലിനീകരണം സംഭവിക്കുകയാണെങ്കിൽ സൂപ്പർകളകൾ ഉണ്ടാവുകയായിരിക്കും അനന്തരഫലം. ഇത് ശാസ്ത്രജ്ഞർ തന്നെ കണ്ടെത്തിയിട്ടുള്ള സംഗതിയാണ്.

കേരളത്തിലെ വലിയൊരുശതമാനം ആളുകൾ ഇവിടുത്തെ സമ്പന്നമായ ജൈവവൈവിധ്യത്തെ ആശ്രയിച്ചാണിപ്പോഴും ജീവിക്കുന്നത്. കാർഷിക വിളകൾ, മത്സ്യങ്ങൾ, വളർത്തുമൃഗങ്ങൾ, വന്യസസ്യങ്ങൾ തുടങ്ങിയ ജൈവവൈവിധ്യത്തിന്റെ നാശം ഈ ജനങ്ങളുടെ ജീവനോപാധിയെ തന്നെ ഇല്ലാതാക്കാൻ ഇടയുണ്ട്. ഇത് മനസ്സിൽ വച്ചുകൊണ്ടായിരിക്കണം 2004 ൽ പുറത്തിറങ്ങിയ ബയോടെക്നോളജി ടാസ്ക് ഫോഴ്സ് റിപ്പോർട്ടിൽ ജൈവവൈവിധ്യത്തിന്റെ കലവറകളായ പശ്ചിഘട്ടപ്രദേശം പോലുള്ള മേഖലകൾ ജനിതകമാറ്റം വരുത്തിയ വിളകൾ കയറാതെ സംരക്ഷിക്കണമെന്ന് ഡോ.എം.എസ്.സ്വാമിനാഥൻ നിർദേശിച്ചിരിക്കുന്നത്.

ലോകത്ത് നടന്നതിൽ വച്ച് ഏറ്റവും ഭയങ്കരമായ ഒരു കീടനാശിനി ദുരന്തം കേരളം കണ്ടുകഴിഞ്ഞതാണ്. വേണമെങ്കിൽ കീടനാശിനി ഉപയോഗം കുറയ്ക്കാനും അതു വഴി വിഷത്തിന്റെ തോത് പതുക്കെ കുറയ്ക്കാനും കഴിയും. എന്നാൽ ജനിതകമലിനീകരണം ഒരിക്കലും കുറയ്ക്കാനോ ഇല്ലാതാക്കാനോ കഴിയില്ല.

## ആയുർവേദം

നമ്മുടെ സമൂഹത്തിന്റെ ആരോഗ്യത്തിന് വലിയൊരളവോളം കാരണം നമ്മുടെ പരമ്പരാഗത ചികിത്സാരീതികളും ആയുർവേദവുമാണ്. ഇത് ആശ്രയിക്കുന്നത് ഇവിടെയുള്ള ജൈവ ജൈവിധ്യത്തെയാണ്. മനുഷ്യവംശത്തിന്റെ തന്നെ നന്മയ്ക്കു വേണ്ടി ഈ പൈതൃകം സംരക്ഷിക്കപ്പെടണമെന്ന് ഇന്ന് എല്ലാവരും തിരിച്ചറിയുന്നുണ്ട്. എന്നാൽ ജനിതകമാറ്റം വരുത്തിയ വിളകൾ കൃഷിചെയ്യാൻ തുടങ്ങിയാൽ ജൈവ വൈവിധ്യത്തെ ഇവ മലിനമാക്കാൻ ഇടയുണ്ട്. അതു മൂലം പ്രധാനപ്പെട്ട ഈ ആരോഗ്യപരിപാലനവ്യവസ്ഥ നശിക്കാനും ഇടയുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പ്രധാന വരുമാനമാർഗ്ഗം കൂടിയുമാണ് ആയുർവേദം.

പല ആയുർവേദ മരുന്നുകളിലെയും ഒരു പ്രധാനപ്പെട്ട അസംസ്കൃതവസ്തുവാണ് വഴുതനങ്ങ. ബി.ടി. വഴുതനങ്ങക്ക് സർക്കാർ അനുമതി നൽകുകയാണെങ്കിൽ ഇതിൽ നിന്നുള്ള മലിന ബാധയാൽ ഇവിടെയുണ്ടാക്കുന്ന ആയുർവേദ മരുന്നുകൾക്കുള്ള വിശ്വാസ്യത നഷ്ടപ്പെടും. ഇത് നമ്മുടെ പരമ്പരാഗത അറിവുകൾക്കും ആയിരക്കണക്കിനാളുകളുടെ ഉപജീവനത്തിനും മേലുള്ള ഭീഷണിയാണ്.

## മനുഷ്യന്റെയും മൃഗങ്ങളുടെയും ആരോഗ്യം

ജനിതകമാറ്റം വരുത്തിയ വിളകളും ഭക്ഷണവും ഉണ്ടാക്കാവുന്ന ആരോഗ്യ പ്രത്യാഘാതങ്ങളെ കുറിച്ച് പല രാജ്യങ്ങളിലും നടത്തിയ ശാസ്ത്രപഠനങ്ങൾ ഇതിന്റെ പ്രശ്നങ്ങളെ ഉയർത്തിക്കാണിക്കുന്നു. ജി.എം. ഭക്ഷണം നൽകിയ മൃഗങ്ങളിൽ കരൾ, വൃക്കകൾ, ഹൃദയം, തലച്ചോറ് എന്നിവ തകരാറിലാകുന്നതായും ക്യാൻസർ ഉണ്ടാകുന്നതായും കണ്ടെത്തുകയുണ്ടായി. മദ്ധ്യപ്രദേശിലെ ബി.ടി. പരുത്തി തോട്ടങ്ങളിൽ പണിയെടുത്ത തൊഴിലാളികൾക്ക് തൊലിയിലും കണ്ണുകളിലും അലർജി ഉണ്ടായി. ആന്ധ്രപ്രദേശിൽ 2006 ൽ ബി.ടി. പരുത്തിപാടത്ത് മേഞ്ഞു നടന്ന 12000 ത്തിലധികം ചെമ്മരിയാടുകൾ ചാകുകയും ഇതിനെ തുടർന്ന് അവിടത്തെ മൃഗസംരക്ഷണ വകുപ്പ് കർഷകരോട് ബി.ടി.പരുത്തി തോട്ടങ്ങളിൽ ആടുകളെ മേയാൻ വിടരുതെന്ന് പറയുകയും ചെയ്തിരിക്കുകയാണ്. കേരളത്തിൽ വ്യാപകമായി കൃഷി ചെയ്യുന്ന ഒരു വിളയല്ല പരുത്തി. എന്നിരുന്നാലും ബി.ടി.നെല്ല് പോലുള്ള ജി.എം വിളകൾ കടന്നുവരികയാണെങ്കിൽ ആന്ധ്രപ്രദേശിൽ സംഭവിച്ചതുപോലെ വളർത്തു മൃഗങ്ങളുടെയും വന്യമൃഗങ്ങളുടെയും ജീവന് ഭീഷണിയുണ്ടാകാം. ആയിരക്കണക്കിന് ചെറുകിട കർഷകരാണ് കേരളത്തിൽ പാലുൽപാദനത്തെ മാത്രം ആശ്രയിച്ച് കഴിയുന്നത്. ഇവരുടെ ജീവിതങ്ങൾക്കു മേൽ ജി.എം വിളകളുടെ പ്രത്യാഘാതം വളരെ ഗൗരവമുള്ളതായിരിക്കും.

## സാമ്പത്തിക പ്രത്യാഘാതങ്ങൾ

ബി.ടി. പരുത്തി കർഷകരുടെ അനുഭവം നോക്കുകയാണെങ്കിൽ അവർക്ക് ഒട്ടേറെ സാമ്പത്തിക നഷ്ടമുണ്ടായതായികാണാം. പല സംസ്ഥാനങ്ങളിലും ബി. ടി. പരുത്തി കൃഷി കർഷകരെ ആത്മഹത്യയിലേക്ക് വരെ എത്തിച്ചിട്ടുണ്ട്. കാർഷിക വിളകളുടെ ഒരു പ്രധാന കയറ്റുമതി നടക്കുന്ന സംസ്ഥാനമാണ് കേരളം. 2006 ൽ അമേരിക്കയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന അരിയിൽ എൽ.എൽ 601 എന്ന ജനിതകമാറ്റം വരുത്തിയ അരി കണ്ടെത്തിയതിനാൽ യൂറോപ്പും ജപ്പാനും അമേരിക്കയിൽ നിന്നുള്ള അരി ഇറക്കുമതി പൂർണ്ണമായും നിരോധിക്കുകയും ഇത് അവിടുത്തെ നെൽ കർഷകർക്ക് ദശലക്ഷക്കണക്കിന് ഡോളറിന്റെ സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്തു. അത്തരത്തിലൊരു ജനിതകബാധ പ്രശ്നം ഉണ്ടാകുകയാണെങ്കിൽ അത് ഇവിടുത്തെ കർഷകരുടെ സ്ഥിതികുറേകൂടി ദയനീയമാക്കുകയും കർഷക ആത്മഹത്യക്ക് വഴിവക്കുകയും ചെയ്യാനിടയുണ്ട്.

വളർന്ന് കൊണ്ടിരിക്കുന്ന ദേശിയ-അന്താരാഷ്ട്രീയ



ജൈവ മാർക്കറ്റിൽ നമുക്ക് ഇടം കിട്ടാതിരിക്കാനും ജൈവ കാർഷികോല്പന്നങ്ങൾക്ക് സംഭവിക്കാവുന്ന ജനിതക മലിനീകരണം ഇടയാക്കും കേരളത്തിന് നല്ലൊരു ജൈവ കാർഷിക മേഖലയായി വളരാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ സംസ്ഥാനത്ത് ജി.എം വിളകൾ അനുവദിക്കുന്നത് ആത്മഹത്യാപരമാണ്.

## പരമ്പരാഗത അറിവുകളും വിത്തുകളും

സങ്കരയിനം വിത്തുകൾ വ്യാപകമാകാൻ തുടങ്ങിയപ്പോൾ പരമ്പരാഗത വിത്തുകൾ അപ്രത്യക്ഷമായതുപോലെ ബാക്കി നിൽക്കുന്ന പരമ്പരാഗതവിത്തുകളെയും അതുമായി ബന്ധപ്പെട്ട അറിവിനെയും ജി.എം വിത്തുകൾ ഉന്മൂലനം ചെയ്യും. ഇത് കർഷകരെ എന്നെന്നേക്കുമായി വിത്തുകമ്പനികളുടെ ആശ്രിതരാക്കും. തലമുറകളായി കർഷകർ വളർത്തിയെടുത്തു കൊണ്ടുവന്നവയും ശാസ്ത്രജ്ഞർ നടത്തിയ തിരഞ്ഞെടുപ്പിലൂടെ വികസിപ്പിച്ചു കൊണ്ടുവന്നവയുമായ വിത്തുകൾ നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക-കാലാവസ്ഥക്ക് യോജിച്ചതും വില കുറഞ്ഞവയുമാണ്. ജൈവ വൈവിധ്യത്താൽ സമ്പന്നമായ ഒരു സംസ്ഥാനത്തെ സർക്കാറിന്റെ മുൻഗണനയിൽ വരേണ്ട ഒരു പ്രധാന സംഗതി പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണമാണ്. ഇനിയുള്ള കാർഷിക വികസനത്തിനും ഭക്ഷ്യസുരക്ഷിതത്വത്തിനും അടിത്തറ ഈ വിത്തുകളാണ്.

## സംസ്കാരത്തിൽമേലുള്ള കടന്നുകയറ്റം

ചില ജി.എം വിളകൾ ഉണ്ടാക്കുന്നത് മൃഗങ്ങളിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ള ജീനുകൾ വിളകളിൽ സന്നിവേശിപ്പിച്ചാണ്. നമ്മുടെ നാട്ടിലെ സാംസ്കാരിക വൈവിധ്യവും പൈതൃകവും കണക്കിലെടുക്കുകയാണെങ്കിൽ ഈ സാങ്കേതിക വിദ്യ ജനങ്ങളുടെ വിശ്വാസങ്ങൾക്കും പാരമ്പര്യത്തിനും മേലുള്ള കടന്നുകയറ്റമാണ്.

## സംസ്ഥാനത്തിന്റെ നിയന്ത്രണം കുറയുന്നു

ജനിതക മാറ്റം വരുത്തിയ വിളകൾക്കുള്ള അനുമതി വഴി വിത്തിനു മുകളിൽ സംസ്ഥാനത്തിന്റെ നിയന്ത്രണം കുറയുകയും ആ നിയന്ത്രണം വിത്തു കമ്പനികൾക്ക് ലഭിക്കുകയും ചെയ്യുന്ന സാഹചര്യം ഇവിടെ ഉണ്ടാകും.

മനുഷ്യനും മൃഗങ്ങൾക്കും പ്രകൃതിക്കും ഈ വിളകൾ വരുത്തിവയ്ക്കാവുന്ന ഭീഷണികൾ തിരിച്ച് മാറ്റാൻ കഴിയാത്തവയുമാണ്. സംസ്ഥാനസർക്കാർ അതിനാൻ കേരളത്തിൽ ജി.എം വിളകളുടെയും ഭക്ഷണത്തിന്റെയും കടന്നുകയറ്റം തടഞ്ഞേ മതിയാകൂ. തുറന്ന പാടത്തുള്ള പരീക്ഷണങ്ങളും സർക്കാർ നിരോധിക്കണം. മാത്രവുമല്ല ജനങ്ങളുടെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെ ജൈവ വൈവിധ്യ സംരക്ഷണത്തിനുള്ള പരിപാടികൾ അടിയന്തര പ്രാധാന്യം നൽകി സംസ്ഥാന സർക്കാർ ആരംഭിക്കുകയും വേണം.

കേന്ദ്ര പരിസ്ഥിതി വകുപ്പിന് കീഴിലുള്ള ജനറ്റിക് എഞ്ചിനീയറിങ്ങ് അപ്രൂവൽ കമ്മിറ്റി (ജി.ഇ.എ.സി) ഇക്കഴിഞ്ഞ ജൂൺ 22 ന്, ജനിതക മാറ്റം വരുത്തിയ ഭക്ഷ്യവിളകളുടെയും പരുത്തിയുടെയും പരീക്ഷണത്തിനായി വിത്ത് കമ്പനികൾ നൽകിയ അപേക്ഷ പരിഗണനയ്ക്ക് എടുത്തു. ഈ അപേക്ഷയിൽ ഒന്ന് കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിൽ ബി.ടി. നെല്ല് പരീക്ഷണത്തിനു വേണ്ടി ചോദിച്ചുകൊണ്ട് മഹികോ എന്ന കമ്പനി നൽകിയ അപേക്ഷയായിരുന്നു. ഇത് ഏറെ ഉത്കണ്ഠാജനകമാണ്.

ലോകത്തെമ്പാടും, ഇന്ത്യയിലെ ബി.ടി. പരുത്തി കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലും ജനിതകമാറ്റം വരുത്തിയ വിളകുടെ അപകടങ്ങൾ തിരിച്ചറിഞ്ഞ് അതിനെതിരെ പ്രതിഷേധം ഉയർന്നു കൊണ്ടിരിക്കുകയാണ്. യൂറോപ്പ്, ജപ്പാൻ തുടങ്ങിയ വികസിത രാജ്യങ്ങളിലെ ഉപഭോക്താക്കൾ ജനിതക മാറ്റം വരുത്തിയ ഭക്ഷണത്തിനെതിരെയും സമരം പ്രഖ്യാപിച്ചിരിക്കുകയും അത്തരം ഭക്ഷണത്തിന്റെ ഇറക്കുമതിയിൻ മേൽ നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാറുകൾ നിർബന്ധിതരാവുകയുമാണ്. ജൈവ വൈവിധ്യത്തിൻമേലും ആരോഗ്യത്തിൻമേലും ജി.എം.വിളകൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് വിദഗ്ദർ മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നുണ്ട്.

2004 ൽ പുറത്തിറങ്ങിയ ബയോടെക്നോളജി ടാസ്ക് ഫോഴ്സ് റിപ്പോർട്ടിൽ ഡോ. എം.എസ് സ്വാമിനാഥൻ വ്യക്തമായി പറഞ്ഞിട്ടുള്ള ഒരു കാര്യം ജൈവ ജൈവിധ്യസമ്പന്നമായ പശ്ചിമഘട്ടം പോലുള്ള പ്രദേശങ്ങൾ ജി.എം.വിളകൾ കടന്നു കയറാതെ സംരക്ഷിക്കണമെന്നാണ്. ഈ നിർദ്ദേശം കേരളജനത ഗൗരവത്തോടെയാണ് കാണുന്നത്.

കേരളത്തിന്റെ പരമ്പരാഗത ചികിത്സാരീതിയായി വളർന്നുകൊണ്ടിരിക്കുന്ന ആയുർവേദവും മറ്റൊരു സാധ്യതയായ ജൈവകൃഷിയും ആശ്രയിക്കുന്നത് ഇവിടുത്തെ ജൈവ വൈവിധ്യത്തെയാണ്. ജി.എം.വിളകൾ ഇതിന്റെ രണ്ടിന്റെയും അടിത്തറതകർക്കുമെന്നതിന് തർക്കമില്ല. കീടനാശിനികളുടെ ദുരന്തം ഏറെ കണ്ട ഒരു നാടാണിത്. കീടനാശിനികളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിലൂടെ വിഷബാധ ക്രമേണ ഒഴിവാക്കാനാകും. എന്നാൽ ജി.എം. വിളകളുണ്ടാക്കുന്ന മലിനീകരണം ഒരിക്കലും കുറക്കാനോ ഇല്ലാതാക്കാനോ കഴിയില്ല.

ഈയൊരു സാഹചര്യത്തിൽ ജനങ്ങളുടെ ആരോഗ്യവും കർഷകരുടെ ക്ഷേമവും ജൈവ വൈവിധ്യത്തിന്റെ സംരക്ഷണവും ഉറപ്പാക്കാൻ വേണ്ടി ജി.എം. വിളകളുടെ പരീക്ഷണവും കൃഷിയും കേരള സർക്കാർ അനുവദിക്കാതിരിക്കുകയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും ജി.എം.വിളകൾ കടന്നുവരാനുള്ള സാദ്ധ്യതയെ സമഗ്രമായ നടപടികളിലൂടെ തടയുകയും വേണം. കൃഷിഭൂമിയിൽ നടത്തുന്ന ജനിതക മാറ്റം വരുത്തിയ വിളകളുടെ എല്ലാ പരീക്ഷണങ്ങളും ഉടനടി നിർത്തിവയ്ക്കണമെന്ന് കേരളം കേന്ദ്ര സർക്കാറിനോട് ശക്തമായി ആവശ്യപ്പെടണം.

*തണൽ, എച്ച്-3, ജവഹർ നഗർ, തിരുവനന്തപുരം-3*